**സെക്ഷൻ 375**

---------------------

മനീഷ് ഗുപ്തയുടെ രചനയിൽ അജയ് ഭാൽ സംവിധാനം ചെയ്തു തീയേറ്ററുകളിൽ എത്തിയ ക്രൈം ഡ്രാമ ആണ് സെക്ഷൻ 375. അക്ഷയ് ഖന്ന, റിച്ച ഛദ്ദ, രാഹുൽ ഭട്ട്, മീര ചോപ്ര തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രം, പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ഒരു ബലാത്സംഗക്കേസിലൂടെയും അതിന്റെ തുടർവാദങ്ങളിലൂടെയും വിധി പ്രസ്താവനയിലൂടെയും ഒക്കെയാണ് ചിത്രം മുന്നോട്ടു പോകുന്നത്.

ഐ.പി.സി സെക്ഷൻ 375 പ്രകാരം ഒരു പുരുഷനും പതിനാറു വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീയും തമ്മിൽ, സ്ത്രീയുടെ സമ്മതമില്ലാതെയോ, അവരുടെ താല്പര്യങ്ങൾക്കെതിരായോ, അല്ലെങ്കിൽ, ബലപ്രയോഗത്തിലൂടെയോ, ഭീഷണിയിലൂടെയോ, ചതിയിലൂടെയോ അവരുടെ സമ്മതം നേടിയെടുത്തോ, നടത്തുന്ന നിയമപരമായല്ലാത്ത ലൈംഗികബന്ധത്തിനെയാണ് ബലാത്സംഗം എന്ന് നിർവചിച്ചിരിക്കുന്നത്.

അഞ്ജലി ഡാൻഗ്ലെ എന്ന ജൂനിയർ കോസ്റ്റിയൂം ഡിസൈനർ രോഹൻ ഖുറാന എന്ന പ്രശസ്ത സംവിധായകനെതിരേ ഒരു ബാലസംഗക്കേസ് കൊടുക്കുകയും സെഷൻ കോടതി അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും ചെയ്യുന്നിടത്താണ് ചിത്രം ആരംഭിക്കുന്നത്. വൈദ്യ പരിശോധനയുടെ ഫലം അടക്കം എല്ലാ ശക്തമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ രോഹൻ ഖുരാനയെ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും 10 വർഷത്തെ തടവിന് ശിക്ഷിക്കുകയും ചെയ്യുന്നു. ഖുരാനയുടെ ഭാര്യ കേസുമായി പ്രശസ്ത ക്രിമിനൽ വക്കീലായ തരുൺ സലൂജയുടെ പക്കൽ സഹായത്തിനായി എത്തുകയും അദ്ദേഹം കേസ് ഏറ്റെടുക്കുകയും ചെയ്യുന്നു. ബലാത്സംഗക്കേസിലെ പ്രതിയുടെ വക്കാലത്ത് ഏറ്റെടുത്ത

തരുൺ സലൂജയ്ക്കു കുടുംബത്തിൽ നിന്ന് പോലും നിരന്തരം എതിർപ്പുകൾ ഉണ്ടാവുന്നുണ്ട് എങ്കിലും അയാൾ പിന്മാറാൻ തയ്യാറാകുന്നില്ല. മറുഭാഗത്തു പീഡിപ്പിക്കപ്പെട്ട പെൺകുട്ടിക്കായി വാദിക്കാൻ എത്തുന്നത് മനുഷ്യാവകാശ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയ ആയ, ഒരുകാലത്തു തരുണിന്റെ ജൂനിയർ ആയിരുന്ന ഹിരാൾ ഗാന്ധി ആണ്. ശേഷം നടക്കുന്ന നിയമയുദ്ധത്തിൽ, ആരുടെ ഭാഗത്താണ് സത്യം എന്നാണ് തെളിയുന്നത്, ആർക്കാണ് നീതി ലഭിക്കുന്നത് എന്ന് ചിത്രം കണ്ടു തന്നെ അറിയുക.

തരുൺ സലൂജ ആയി എത്തുന്ന അക്ഷയ് ഖന്ന മിന്നുന്ന പ്രകടനം ആണ് കാഴ്ചവച്ചിരിക്കുന്നത്. നിയമയുദ്ധത്തിൽ അതികായൻ ആയ ഒരു അനുഭവസമ്പത്തുള്ള വക്കീലിന്റെ മട്ടും ഭാവങ്ങളും അദ്ദേഹത്തിൽ സുരക്ഷിതമായിരുന്നു. ഹിരാൾ ഗാന്ധി ആയി റിച്ച ഛദ്ദയും അഞ്ജലി ഡാൻഗ്ലെ ആയി മീര ചോപ്രയും രോഹൻ ഖുറാന ആയി രാഹുൽ ഭട്ടും തങ്ങളുടെ ഭാഗം നന്നായി ചെയ്തിട്ടുണ്ട്.

ബലാത്സംഗവും തുടർവാദങ്ങളും അടിസ്ഥാനമാക്കിയ പ്രമേയങ്ങൾ അടുത്തിടെ ആയി ഇന്ത്യയിലെ നിരവധി അനവധി ഭാഷകളിൽ വന്നിട്ടുണ്ട് എങ്കിലും സെക്ഷൻ 375 വേറിട്ടു നിൽക്കുന്നത് ചിത്രം പുലർത്തുന്ന നിഷ്പക്ഷതയിലൂടെയാണ്. ഇത്തരം പ്രമേയവുമായി എത്തുന്ന ചിത്രങ്ങളിൽ പലപ്പോഴും പക്ഷപാതപരമായ നിലപാടാണ് മുന്നോട്ടു വയ്ക്കാറുള്ളത്. സ്ത്രീകളെ സംരക്ഷിക്കുവാൻ വേണ്ടി ഉണ്ടാക്കിയ നിയമങ്ങൾ അവർ തന്നെ സ്വാർത്ഥലാഭത്തിനും പ്രതികാരത്തിനും വേണ്ടി ദുരുപയോഗം ചെയ്യുമ്പോൾ നീതി നടപ്പിലാക്കാൻ നിയമത്തിനു കഴിയാറുണ്ടോ എന്നുള്ള ചോദ്യത്തിന്മേലുള്ള ചർച്ചയാണ് ചിത്രം. സ്ത്രീകൾ വാദികളായ കേസുകളിലെ പ്രതികളോടുള്ള , മാധ്യമങ്ങളുടെയും ആൾക്കൂട്ടത്തിന്റെയും മുൻവിധിയോടെയുള്ള പെരുമാറ്റവും ചിത്രം

എടുത്തു കാട്ടുന്നുണ്ട്. രണ്ട് പക്ഷത്തിന്റെയും ചിന്തകൾ രണ്ട് വാക്കീലുകളുടെയും ശക്തമായ വാദങ്ങളിലൂടെ പ്രേക്ഷകരിലേക്കെത്തിക്കുന്നുണ്ട് ചിത്രം. നിയമം നീതിയിലേക്കെത്താനുള്ള ഉപകരണമാണെന്നും നിയമം യാഥാർഥ്യമാണെന്നും നീതി എന്നുള്ളത് പലപ്പോഴും അമൂർത്തമാണെന്നും ചിത്രം വരച്ചു കാട്ടുന്നുണ്ട്.

കോടതിയും പരിസരവും പശ്ചാത്തലമാക്കിയ സിനിമകളിൽ കോടതി രംഗങ്ങൾ പലപ്പോഴും ഒരുപാട് അതിശയോക്തി കലർത്തി ആണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. പക്ഷെ സെക്ഷൻ 375 അതിനൊരു അപവാദം ആണ്. 80 ശതമാനവും കോടതിരംഗങ്ങൾ ഉള്ള ചിത്രത്തിൽ അങ്ങേയറ്റം സ്വാഭാവികമായി തന്നെ ആണ് ആ രംഗങ്ങൾ ഒക്കെ അവതരിപ്പിച്ചിരിക്കുന്നത്,കോടതി വളപ്പിലെ ചുരുക്കം ചില പ്രതിഷേധങ്ങൾ ഒഴികെ.

നിയമയുദ്ധത്തിന് ഒടുവിൽ ഒരാളുടെ ജയത്തോടെ ചിത്രം അവസാനിക്കുമ്പോൾ ന്യായവിധി ചിലപ്പോഴെങ്കിലും അന്യായവിധി ആകാറുണ്ടെന്നും, ന്യായാധിപന്റെ രാഷ്ട്രീയം, ജനവികാരവും ജനങ്ങളുടെ സമ്മർദ്ദവും അങ്ങനെ പലതും ആ ന്യായവിധിയെ സ്വാധീനിക്കാറുണ്ടെന്നും ഓർമിപ്പിക്കുന്നുണ്ട് ചിത്രം. ടൈറ്റിൽ കാർഡുകൾ തിരശീലയിൽ ഒഴുകി നീങ്ങുമ്പോൾ യഥാർത്ഥത്തിൽ ജയിച്ചത് ആര്, നിയമം അനുവദിക്കുന്ന നീതി ലഭിച്ചത് ആർക്ക് എന്നുള്ള ചിന്തകൾ പ്രേക്ഷകനിൽ അവശേഷിക്കുന്നു.

റിവ്യൂ: Arjun Anand